## കേരള സർക്കാർ

### സംഗ്രഹം

കോട്ടയം ജില്ല – കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്ത 19 ഏക്കർ 39.14 സെന്റ് സ്ഥലത്ത് നിന്നും 8 ഏക്കർ 50 സെന്റ് സ്ഥലം കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിന് വിട്ടു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്

സ.ഉ(സാധാ) നം. 3727/2017/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം : 21/11/2017

---

പരാമർശം :-
1. 22/03/2015 ലെ സ.ഉ.(സാധാ)നമ്പർ 1105/2005/തസ്വഭവ.
2. 30/07/2014 ലെ സ.ഉ.(സാധാ)നമ്പർ 1969/2014/തസ്വഭവ.
3. കോട്ടയം ജില്ലാ കളക്ടറുടെ 22/02/2017 ലെ ഇ 4(1) 23020/2016 നമ്പർ കത്ത്.
4. കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27/03/2017 ലെ 6(1) നമ്പർ തീരുമാനം.
5. പഞ്ചായത്ത് ഡയറക്ടറുടെ 22/08/2017 ലെ സി2- 17550/17 നമ്പർ കത്ത്.
6. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 26/09/2017 ലെ ഡി4/26994/2016 നമ്പർ കത്ത്.

### ഉത്തരവ്

കോട്ടയം ജില്ല, കടുത്തുരുത്തി വില്ലേജിലെ 30,32,33,58,59 എന്നീ സർവ്വെ നമ്പരുകളിലുൾപ്പെട്ടുവരുന്നതും കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് നേരിട്ട് വാങ്ങിയതുമായ 6.06903 ഏക്കറും പഞ്ചായത്ത് പൊന്നുംവിലയ്ക്കെടുത്ത 13.3244 ഏക്കറും ചേർത്ത് ആകെ 19.39147 ഏക്കർ സ്ഥലം AICTE അംഗീകാരം ലഭിക്കുന്നതിനായി കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിന് വിട്ടു കൊടുക്കുന്നതിന് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം കടുത്തുരുത്തി ഗ്രാമ പഞ്ചായത്തിന് അനുമതി നൽകിയിരുന്നു. തുടർന്ന്, പ്രസ്തുത 19.39147 ഏക്കർ സ്ഥലത്തു നിന്നും 8 ഏക്കർ കേന്ദ്രീയ വിദ്യാലയം സ്ഥാപിക്കുന്നതിനായി റവന്യൂ വകുപ്പിന് കൈമാറുന്നതിന് പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം കടുത്തുരുത്തി ഗ്രാമപഞ്ചായത്തിന് അനുമതി നല്കുകയുണ്ടായി.

2. ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ് ( 8.5 ഏക്കർ ), കേന്ദ്രീയ വിദ്യാലയം (8 ഏക്കർ), ഫയർ സ്റ്റേഷൻ (60.5 സെന്റ്) തുടങ്ങിയ സ്ഥാപനങ്ങൾക്കാവശ്യമായ സ്ഥലം മേൽ പരാമർശിത 19.39147 ഏക്കറിൽ നിന്നും

അനുവദിക്കുന്നതിനും ശേഷിക്കുന്ന സ്ഥലം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ തന്നെ നിലനിർത്തുന്നതിനും പരാമർശം (4) പ്രകാരം കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സർക്കാരിനോട് അഭ്യർത്ഥിക്കുകയും പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ആയത് ശുപാർശ ചെയ്യുകയുമുണ്ടായി.

3. നിലവിലെ AICTE മാനദണ്ഡങ്ങൾ പ്രകാരം പോളിടെക്നിക്ക് കോളേജിന് അംഗീകാരം ലഭിക്കുന്നതിന് 8.5 ഏക്കർ ഭൂമി പര്യാപ്തമാണ് എന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (6) പ്രകാരം അറിയിച്ചിട്ടുണ്ട്.

4. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിന് AICTE അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതിനാൽ, പോളിടെക്നിക്ക് കോളേജിനാവശ്യമായ 8.50 ഏക്കർ സ്ഥലം അടിയന്തിരമായി വിട്ടു നൽകേണ്ട സാഹചര്യമാണുള്ളത്. ആയതിനാൽ, വൈക്കം താലൂക്ക്, കടുത്തുരുത്തി വില്ലേജിലെ 32/1pt, 4, 5, 6, 7, 8, 9, 10, 11, 12, 13, 14 എന്നീ സർവ്വെ നമ്പരുകളിലുൾപ്പെട്ടുവരുന്നതും കടുത്തുരുത്തി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ 8.50 ഏക്കർ (3.4400 ഹെക്ടർ) സ്ഥലം ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിനു വിട്ടു നൽകുന്നതിന് ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു. ശേഷിക്കുന്ന സ്ഥലത്തിന്റെ ഉപയോഗം സംബന്ധിച്ച ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മുഹമ്മദ് റിയാസ്**
ഡെപ്യൂട്ടി സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, കോട്ടയം.
4. പ്രിൻസിപ്പാൾ, ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, കടുത്തുരുത്തി
5. സെക്രട്ടറി, കടുത്തുരുത്തി ഗ്രാമപഞ്ചായത്ത്
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് / എൽ.ബി.എ / എ & ഇ ), തിരുവനന്തപുരം.
7. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
8. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
9. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
10. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ